**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.809 30.10.2019 -ലെ മറുപടിക്ക്**

**അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.റ്റി.വി.രാജേഷ്** | **എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** |
| കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരണം നടത്തുന്ന പുഞ്ചവയൽ ഹരിജൻ കോളനിയുടെയും വെടിയപ്പൻ ചാൽ കോളനിയുടെയും നിർമ്മാണ പുരോഗതി അറിയിക്കാമോ; പ്രസ്തുത കോളനികളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | പുഞ്ചവയൽ ഹരിജൻ കോളനി, വെടിയപ്പൻ ചാൽ കോളനി എന്നിവയുടെ നിർമ്മാണ പുരോഗതി ഇപ്രകാരമാണ്.<br><br><u>പുഞ്ചവയൽ ഹരിജൻ കോളനി</u><br><br>കോളനിയിലെ നിർമ്മാണ പ്രവൃത്തികളിൽ 75% പൂർത്തിയായിട്ടുണ്ട്. ശേഷിക്കുന്ന റോഡ് ടാറിംഗ്, കാലാവസ്ഥ അനുകൂലമാകുന്നതനുസരിച്ച് പൂർത്തീകരിക്കുന്നതാണ്.<br><br><u>വെടിയപ്പൻ ചാൽ കോളനി</u><br>1. സാംസ്കാരികനിലയത്തിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.<br>2. അംഗൻവാടി, സോളാർലൈറ്റ് പ്രവൃത്തികളുടെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br>3. റോഡ് നിർമ്മാണം ബന്ധപ്പെട്ടവരുടെ അനുമതി ലഭിക്കുന്നതനുസരിച്ച് ആരംഭിക്കുന്നതാണ്.<br>നിർമ്മാണ പ്രവൃത്തികളെല്ലാം 2019 ഡിസംബറിൽ പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ